# മുജാഹിദുകൾ ഇസ്‌ലാമിനെ ദർശനമായി പരിചയപ്പെടുത്തുന്നുണ്ടോ?

ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി

**?** അടുത്തു നടക്കാൻ പോകുന്ന സംസ്ഥാന സമ്മേളനത്തിന്റെ പ്രചാരണം ശ്രദ്ധിച്ചപ്പോൾ തോന്നിയ ഒരു സംശയമുണ്ട്. ‘മാനവമൈത്രിക്ക് ദൈവികദർശനം’ എന്നതാണല്ലോ സമ്മേളനപ്രമേയമായി അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രമേയം ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ കലുഷിതമായ ഈ അന്തരീക്ഷത്തിൽ പ്രസക്തം തന്നെ. പ്രമേയം ഇതാണെങ്കിലും പ്രയോഗത്തിൽ മുജാഹിദ് പ്രസ്ഥാനം ഇതിനോട് നീതി പുലർത്തുന്നതായി കാണുന്നില്ലല്ലോ. ഇന്നത്തെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തേണ്ട ഒരു ‘ദർശന’മായി മുജാഹിദുകൾ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതായി അനുഭവപ്പെട്ടിട്ടില്ല. ഈ പ്രസ്താവന ശരിയല്ലേ?

**=** മനുഷ്യന്റെ മുഴുവൻ ജീവിതമേഖലകളിലും പോലീസുകാരും പട്ടാളക്കാരും ഉദ്യോഗസ്ഥൻമാരും കൂടെ സ്ഥാപിച്ചുനടത്തുന്ന ഒരു ഭരണക്രമം എന്ന നിലയിലാണ് ഇസ്‌ലാമിനെ പരിചയപ്പെടുത്തേണ്ടതെന്ന് മുജാഹിദുകൾ കരുതുന്നില്ല. ലോകത്ത് ഒരു ഭരണക്രമത്തിനും അധികാരത്തിന്റെ കരങ്ങൾകൊണ്ട് മാത്രം മാനവമൈത്രി ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുമില്ല.

ലോകത്തുള്ള മുഴുവൻ മനുഷ്യരെയും സൃഷ്ടിച്ചു പരിപാലിക്കുന്ന പടച്ചതമ്പുരാൻ സർവരോടുമുള്ള കാരുണ്യത്താൽ അവരുടെ സർവതോമുഖമായ നന്മക്ക് വേണ്ടി നിർദേശിച്ച ജീവിതാദർശം എന്ന നിലയിലാണ് മുജാഹിദുകൾ ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നത്. ഭരണകൂടത്തിന്റെ ദൃഷ്ടിയിൽ പെട്ടാലും ഇല്ലെങ്കിലും ജീവിതത്തിന്റെ രഹസ്യവും പരസ്യവുമായ എല്ലാ മേഖലകളിലും സ്വമേധയാ ദൈവിക മാർഗദർശനം സ്വീകരിക്കുന്ന ഒരു ജനവിഭാഗത്തെ വളർത്തിയെടുക്കാനാണ് പ്രവാചകൻ നിയുക്തനായത്. ഖലീഫ ഉമർ(റ) ഒരു പാൽക്കാരിയുടെ മകളെ തന്റെ മരുമകളാക്കാൻ ആഗ്രഹിച്ചത് ഇസ്‌ലാമിക ‘വ്യവസ്ഥിതി’യുടെ വിജയകരമായ നടത്തിപ്പിൽ അവൾ നിർണായക പങ്കുവഹിച്ചതുകൊണ്ടല്ല; ഭരണാധികാരി അറിഞ്ഞാലും ഇല്ലെങ്കിലും പടച്ചവൻ അറിയും എന്ന വിശ്വാസത്താൽ പ്രചോദിതയായി പാലിൽ വെള്ളം ചേർക്കുന്നതിന് വിസമ്മതിച്ചതിന്റെ പേരിലാണ്. ഇത്തരത്തിലുള്ള വിശ്വാസത്താൽ സകല മനുഷ്യരെയും സ്നേഹിക്കാനും സമഭാവനയോടെ പെരുമാറാനും കഴിയുന്ന വിതാനത്തിലേക്ക് ഉയരാൻ വിശുദ്ധ ഖുർആനും തിരുസുന്നത്തും മനുഷ്യർക്ക് വഴികാണിക്കുന്നു.

മാനവമൈത്രി മനസിൽ നിന്ന് വരണം. വ്യവസ്ഥിതിയിൽ നിന്നല്ല. ഹിന്ദുവിനോടും ക്രിസ്ത്യാനിയോടും സിക്കുകാരനോടും ബൗദ്ധനോടും മുസൽമാനോടും ഒരുപോലെ ഈ ലോകത്ത് കരുണകാണിക്കുന്ന വർഗീയതയില്ലാത്ത പടച്ചവനെ സംബന്ധിച്ച് സകല മനുഷ്യരെയും ബോധ്യപ്പെടുത്തുന്നതിലൂടെ മാത്രമേ മാനവമൈത്രി രൂഢമൂലമാക്കാൻ കഴിയുകയുള്ളൂ. കലവറയില്ലാത്ത മൈത്രിക്ക് വേറെ യാതൊരു കുറുക്കുവഴിയുമില്ല.

ദൈവിക ദർശനം എന്നു പറയുമ്പോൾ മുജാഹിദുകൾ ഉദ്ദേശിക്കുന്നത് ഏതെങ്കിലും മുസ്ലിം ചിന്തകൾ മെനഞ്ഞെടുത്ത ഫിലോസഫിയല്ല. വിശുദ്ധ ഖുർആനിലും പ്രാമാണികമായ നബിചര്യയിലും രേഖപ്പെട്ടുകിടക്കുന്ന പൂർണമായ മാർഗദർശനമാണ് ഉദ്ദേശിക്കുന്നത്. അല്ലാഹുവും റസൂലും(സ) നൽകിയ മാർഗദർശനത്തിൻെറ ഒരംശവും മുജാഹിദുകൾ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ഇനി ഉപേക്ഷിക്കുകയുമില്ല. ബഹുഭൂരിപക്ഷം മനുഷ്യർക്കും അല്ലാഹുവിലും ഖുർആനിലും റസൂലി(സ)ലും വിശ്വാസമില്ലാത്ത ഒരു നാട്ടിൽ ആദ്യം ഇസ്ലാമിക ഭരണത്തെപ്പറ്റിയല്ല, ഇസ്ലാമിക വിശ്വാസത്തിൻെറ ധാർമിക നിയമങ്ങളുടെയും മൗലികതയെപ്പറ്റിയാണ് സംസാരിക്കേണ്ടത്. അതുകൊണ്ടാണ് ജനങ്ങളെ അവികലമായ വിശ്വാസത്തിലേക്കും ശരിയായ കർമാനുഷ്ഠാനങ്ങളിലേക്കും ക്ഷണിക്കുന്നതിന് മുജാഹിദുകൾ മുൻഗണന നൽകുന്നത്.

മുജാഹിദുകൾ ഖുത്ബകളിലും ക്ലാസുകളിലും പാഠപുസ്തകങ്ങളിലും പ്രസിദ്ധീകരണങ്ങളിലുമായി ജീവിതത്തിൻെറ എല്ലാ മേഖലകളിലേക്കുമുള്ള ദൈവികമാർഗദർശനം പഠിപ്പിക്കുന്നുണ്ട്. വോട്ടിനെപ്പറ്റി വിധികൾ മാറ്റിപ്പറയുന്നതൊഴികെ ജമാഅത്തുകൾ പഠിപ്പിക്കുന്ന വിഷയങ്ങളിൽ ഖുർആനിൻെറയും സുന്നത്തിൻെറയും പിൻബലമുള്ളതെല്ലാം മുജാഹിദുകൾ ജനങ്ങളോട് പറയുന്നുണ്ട്. മനുഷ്യരുടെ സ്വന്തം വക ദർശനത്തെ ദൈവിക ദർശനവുമായി കൂട്ടിക്കലർത്തി വിറ്റഴിക്കാൻ മുസ്ലിംകളും ഇതരരും ശ്രമിച്ചതാണ് മിക്ക പ്രശ്നങ്ങൾക്കും കാരണം. ജനങ്ങൾ ദൈവികഗ്രന്ഥത്തിലേക്കും പ്രവാചകചര്യയിലേക്കും പൂർണമായി മടങ്ങുകയാണ് അതിനുള്ള പരിഹാരം. അതാണ് മുജാഹിദുകൾ ഊന്നിപ്പറയുന്ന വിഷയം.

(മതം, രാഷ്ട്രീയം, ഇസ്ലാഹീ പ്രസ്ഥാനം എന്ന കൃതിയിൽ നിന്ന്)